പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1151 06.06.2018-ൽ മറുപടിക്ക്

# ഇതരസംസ്ഥാന തൊഴിലാളികൾക്കായി ക്ഷേമ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി "ആവാസ്" നടപ്പിലാക്കിയിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് വിവിധ ജില്ലകളിൽ 150 മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുകയും ചെയ്തു. 2018-19 സാമ്പത്തിക വർഷം 10 കോടി രൂപ ആവാസ് പദ്ധതിയ്ക്ക് അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്ത് വച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ഭൗതികശരീരം വേഗത്തിൽ നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾക്കായി 1 ലക്ഷം രൂപ വീതമുള്ള റിവോൾവിംഗ് ഫണ്ട് ജില്ലാ ലേബർ ഓഫീസർമാർ (എൻഫോഴ്സ്മെന്റ്)ക്ക് അനുവദിച്ചുകൊണ്ട് തീരുമാനമെടുത്തിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്കായുള്ള "അപ്നാഘർ" പദ്ധതിയിൻകീഴിൽ പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ഫ്ളാറ്റ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 44200 സ്ക്വയർ ഫീറ്റിൽ 640 പേർക്ക് എല്ലാവിധ സൗകര്യമുള്ള ഹോസ്റ്റലാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. ഈ മാതൃകയിൽ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ ഫ്ളാറ്റ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. |

കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽപരമായി ആവശ്യമായ സഹായങ്ങൾ നൽകുവാൻ ഫെസിലിറ്റേഷൻ സെന്ററുകൾ "ശ്രമിക് ബന്ധു" തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം വഴി ഇതര സംസ്ഥാന തൊഴിലാളികളെ അവർക്ക് അർഹതപ്പെട്ട നിയമ പരിരക്ഷയെക്കുറിച്ച് ബോധവൽക്കരിക്കാനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കുവാനും ഇതരസംസ്ഥാന തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണുവാനും കഴിയും.

(ബി) ഇതരസംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട് തൊഴിലുടമ പാലിക്കേണ്ട നിബന്ധനകൾ എന്തൊക്കെയാണ്;

(ബി) അഞ്ചോ അതിലധികമോ ഇതര സംസ്ഥാന തൊഴിലാളികളെ ജോലി ചെയ്യിക്കുകയാണെങ്കിൽ 1979-ലെ ഇതര സംസ്ഥാന തൊഴിലാളി നിയമപ്രകാരം പ്രിൻസിപ്പൽ എംപ്ലോയർ രജിസ്ട്രേഷനും കരാറുകാരൻ ലൈസൻസും നേടേണ്ടതുണ്ട്.

(സി) ഇതര സംസ്ഥാന തൊഴിലാളികളെ വാടക വീടുകളിൽ താമസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിലേയ്ക്കാവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(സി) ഇതരസംസ്ഥാന തൊഴിലാളികളുടെ താമസസൗകര്യവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ.